# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 6219

20.11.2019-ൽ മറുപടിയ്ക്ക്.

## മിൽമ പാലിന്റെ വില വർദ്ധനവ്

| ചോദ്യം<br>ശ്രീ.കെ.സി.ജോസഫ് | മറുപടി<br>ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
|---|---|
| (എ) മിൽമ പാലിന്റെ വില വർദ്ധിപ്പിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; എങ്കിൽ എത്ര രൂപയുടെ വർദ്ധനവാണ് വരുത്തിയതെന്ന് അറിയിക്കാമോ; | (എ) 2019 ആഗസ്റ്റ് മാസത്തിൽ വില്പന വില വർദ്ധിപ്പിച്ചിട്ടുണ്ട്. ഒരു ലിറ്റർ പാലിന് **4** രൂപയാണ് വർദ്ധിപ്പിച്ചത്. |
| (ബി) മിൽമയുടെ ഇപ്പോഴത്തെ പ്രതിദിന വില്പന എത്ര ലക്ഷം ലിറ്ററാണെന്ന് അറിയിക്കാമോ; മിൽമ നിലവിൽ അയൽ സംസ്ഥാനങ്ങളിൽ നിന്നും പാൽ വാങ്ങുന്നുണ്ടോ; വിശദാംശം നൽകാമോ; | (ബി) മിൽമ ഇപ്പോൾ പ്രതിദിനം **12** ലക്ഷം ലിറ്റർ പാൽ സംഭരിക്കുകയും **13.5** ലക്ഷം ലിറ്റർ പാൽ വിതരണം നടത്തുകയും ചെയ്യുന്നുണ്ട്. മിൽമയ്ക്ക് ആഭ്യന്തര വിപണിയിൽ നിന്നും ലഭിക്കുന്ന പാൽ വിപണനത്തിന് തികയാത്ത സാഹചര്യത്തിൽ തമിഴ്നാട്, കർണ്ണാടക എന്നീ അയൽ സംസ്ഥാനങ്ങളിലെ ക്ഷീരസഹകരണ ഫെഡറേഷനുകളിൽ നിന്നും പ്രതിദിനം ശരാശരി 1,75,000 ലിറ്റർ പാൽ കൊണ്ടു വരുന്നുണ്ട്. |
| (സി) പാലിന്റെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സ്വയം പര്യാപ്തത നേടുന്നതിനും നിലവിൽ വിഘാതമായി നിൽക്കുന്ന ഘടകങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (സി) സംസ്ഥാനം പാലുല്പാദനത്തിൽ സ്വയംപര്യാപ്തതയിലേക്കെത്തിക്കൊണ്ടിരിക്കുന്ന സന്ദർഭത്തിൽ 2018 ലും 2019 ലും ഉണ്ടായ കനത്ത മഴക്കെടുതികളും പ്രകൃതിക്ഷോഭവും മൂലമാണ് സ്വയം പര്യാപ്തതയിലെത്തുന്നതിന് തടസ്സമായത്.<br>കാലിത്തീറ്റയുടെ അനിയന്ത്രിതമായ വിലക്കയറ്റം, മൃഗചികിത്സാ സൗകര്യങ്ങളുടെ ലഭ്യതക്കുറവും അതിനു വേണ്ടി വരുന്ന ഭാരിച്ച ചെലവും, കൃത്രിമ ബീജസങ്കലനത്തിലൂടെ ഉൽപാദനക്ഷമത കൂടിയ കിടാക്കളെ ഉൽപാദിപ്പിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ, പുല്ലിന്റെയും വൈക്കോലിന്റെയും ദൗർലഭ്യം, പരിശീലനം സിദ്ധിച്ചകറവക്കാരുടെ ദൗർലഭ്യവും, വർദ്ധിച്ചുവരുന്ന കറവക്കൂലി, നല്ലയിനം കറവപശുക്കളെ ലഭിക്കാനുള്ള ബുദ്ധിമുട്ട്, അന്തരീക്ഷത്തിലെ ഉയർന്ന ആർദ്രതയും കാലാവസ്ഥാ മാറ്റങ്ങളും മൂലം പശുക്കൾക്ക് അടിക്കടി ഉണ്ടാകുന്ന രോഗങ്ങൾ എന്നിവയാണ് പാലിന്റെ ആഭ്യന്തര ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും സ്വയം |

പര്യാപ്തത നേടുന്നതിനും നിലവിൽ വിഘാതമായി നിൽക്കുന്ന മറ്റു ഘടകങ്ങൾ.

(ഡി) സംസ്ഥാനത്ത് പച്ചപ്പുല്ലിന്റെയും **വൈക്കോലിന്റെയും ദൗർലഭ്യം പാലുല്പാദനത്തെ** ദോഷകരമായി ബാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്ത് ബദൽ മാർഗ്ഗമാണ് കണ്ടെത്തിയതെന്ന് അറിയിക്കുമോ?

(ഡി) പച്ചപ്പുല്ലിന്റെയും വൈക്കോലിന്റെയും ദൗർലഭ്യം പാലുല്പാദനത്തെ ദോഷകരമായി ബാധിക്കാത്ത തരത്തിൽ സർക്കാർ നടപടികൾ സ്വീകരിച്ചു വരുന്നു. കർഷകർക്ക് പച്ചപ്പുല്ല് / വൈക്കോൽ ലഭ്യമാക്കുന്നതിനായി പ്രധാനമായും താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു.

ക്ഷീര കർഷകർക്ക് 20 സെന്റിൽ അധികം സ്ഥലം പുൽകൃഷി ചെയ്യുന്നതിന് ഹെക്ടറിന് 21500 രൂപ നിരക്കിൽ സബ്സിഡി നൽകുന്നു. പുൽകൃഷി ചെയ്യുന്നവർക്കായി സൗജന്യമായി പുൽക്കടകളും ജലസേചന സൗകര്യത്തിനായി മോട്ടോർ, പമ്പ്സെറ്റ് എന്നിവ സ്ഥാപിക്കുന്നതിനായി 10,000 രൂപ വരെ നൽകുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. കൂടാതെ ക്ഷീര സംഘങ്ങൾ മുഖേന വനിത, പുരുഷ സ്വാശ്രയ ഗ്രൂപ്പുകൾ മുഖേന തീറ്റപ്പുൽകൃഷി നടത്തി, തീറ്റപ്പുല്ല് ക്ഷീരസംഘങ്ങൾ മുഖേന കർഷകർക്ക് സബ്സിഡി നിരക്കിൽ വിതരണം നടത്തുന്നതിന് യൂണിറ്റിന് 75,000 രൂപയുടെ ധനസഹായം നൽകുന്ന പദ്ധതിയും സർക്കാർ/അർദ്ധ സർക്കാർ/ പൊതു മേഖല സ്ഥാപനങ്ങളുടെ തരിശായി കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി നടത്തുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കുന്നു. ഒരു ഹെക്ടർ സ്ഥലത്ത് തരിശു സ്ഥല പുൽകൃഷി ചെയ്യുന്നതിന് 93007 രൂപ ധനസഹായം നൽകുന്നുണ്ട്.

ക്ഷീര സംഘങ്ങൾ മുഖേന സബ്സിഡി നിരക്കിൽ വൈക്കോൽ/ പച്ചപ്പുല്ല് വിതരണം നടത്തുന്നതിന് സംഘങ്ങൾക്ക് 1 ലക്ഷം രൂപ വരെ സഹായം നൽകുന്ന പദ്ധതിയും നടപ്പിലാക്കുന്നു.

മിൽമയുടെ മേഖല യൂണിയനുകൾ പ്രാദേശിക പുൽകൃഷി സംരംഭകർക്ക് ധനസഹായം നൽകി പുൽകൃഷി നടത്തുകയും ഇതുവഴി ലഭിക്കുന്ന തീറ്റപ്പുൽ കർഷക ഭവനങ്ങളിൽ വിതരണം നടത്തുകയും ചെയ്യുന്നു. മൂന്നര രൂപ വിലയുള്ള ഒരു കിലോ പച്ചപ്പുല്ലിന് **1.70** രൂപ തോതിൽ സബ്സിഡി നൽകുന്നു.

**സെക്ഷൻ ഓഫീസർ**